36169

# ആദ്യ അപ്പീൽ - വിവരാവകാശ നിയമം 2005

From, എ. വീണ
ചായപ്പള്ളിൽ വീട്
ചാലപ്പറമ്പ് ഏരിയ
വൈക്കം (പി.ഒ.)
കോട്ടയം ജില്ല – 686 141

To, അപ്പലേറ്റ് അതോറിറ്റി & അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
സാമൂഹ്യ നീതി വകുപ്പ്, വികാസ് ഭവൻ
തിരുവനന്തപുരം - 695033

സർ,

വിഷയം : വിവരാവകാശ നിയമം 2005 പ്രകാരമുള്ള ആദ്യ അപ്പീൽ - എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനം ലഭിച്ച് 179 ദിവസം പൂർത്തീകരിച്ച് പുനർ / റഗുലർ നിയമനം ലഭിച്ച അംഗപരിമിതരുടെ സേവന വേതന വ്യവസ്ഥകളെ സംബന്ധിച്ച്

സൂചന :
1. അങ്ങയുടെ ഓഫീസിലെ 22.09.2017 ലെ ഇ 4-32776/17 നം. കത്ത്
2. പേഴ്സണൽ & അഡ്മിനിസ്ട്രേറ്റീവ് റിഫോംസ് (അഡ്വൈസ് സി) ഡിപ്പാർട്ട്മെന്റ് ഉത്തരവ് ജി.ഒ.(പി)6/95/P&ARD തീയതി 30.03.1995
3. സാമൂഹിക നീതി (ഡി) വകുപ്പ് ഉത്തരവ് സ.ഉ.(പി) നം.40/13/സാ.നീ.വ. തീയതി 18.05.2013
4. സാമൂഹിക നീതി (ഡി) വകുപ്പ് ഉത്തരവ് സ.ഉ.(പി) നം.1/16/സാ.നീ.വ. **തീയതി 03.02.2016**

1. കേരളാ പി.എസ്.സി.യുടെ യാതൊരു യോഗ്യതാ പരീക്ഷയും എഴുതാതെ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനം ലഭിച്ച് 179 ദിവസത്തെ സർക്കാർ സേവനം പൂർത്തീകരിച്ച്, സൂചന ഉത്തരവ് പ്രകാരം 1995 ൽ റഗുലർ നിയമനം ലഭിച്ച അംഗപരിമിതർക്ക്, പ്രൊമോഷൻ ലഭിക്കുവാൻ അർഹതയുണ്ടെന്ന് സൂചന 1 കത്തിൽ പറയുന്നു.

2. എന്നാൽ സൂചന 3, 4 ഉത്തരവുകൾ പ്രകാരം ഇത്തരത്തിൽ കേരളാ പി.എസ്.സി.യുടെ യാതൊരു യോഗ്യതാ പരീക്ഷയും എഴുതാതെ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനം ലഭിച്ച് 179 ദിവസത്തെ സർക്കാർ സേവനം പൂർത്തീകരിച്ച് പിന്നീട് റെഗുലർ നിയമനം ലഭിക്കുന്നവർക്ക് യാതൊരു പ്രൊമോഷനും അർഹതയില്ലെന്ന് വ്യക്തമായി പറയുന്നുണ്ട്.

3. **അങ്ങയുടെ ഓഫീസിൽ നിന്നും ഇത്തരം ഒരു മറുപടി ലഭിച്ച സാഹചര്യത്തിൽ** വിവിധ നിയമ പണ്ഡിതരുമായി ഞാൻ നടത്തിയ ആശയവിനിമയത്തിൽ നിന്നും എനിക്ക് ലഭിച്ച വിവരങ്ങൾ അങ്ങയുടെ അറിവിലേക്കായി താഴെ സൂചിപ്പിച്ചു കൊള്ളുന്നു :-

(എ) കാലാകാലങ്ങളായി അംഗപരിമിതർക്ക് ലഭിച്ചുകൊണ്ടിരുന്ന ആനുകൂല്യം യുദ്ധകാലാടിസ്ഥാനത്തിൽ സൂചന 3, 4 ഉത്തരവുകൾ പ്രകാരം സാമൂഹ്യ നീതി വകുപ്പ് നിർത്തലാക്കുന്നതിനു പകരം, കാലാകാലങ്ങളായി തുടർന്നു വന്ന ഇംഗ്ലീഷ് ഭാഷയിലുള്ള സൂചന 2 ഉത്തരവിന്റെ മലയാള പരിഭാഷ മാത്രമാണ് സൂചന 3, 4 ഉത്തരവുകൾ.

തുടരുന്നു.......2/-

(ബി) അംഗപരിമിതർക്ക് സാമൂഹിക നീതി ഉറപ്പാക്കുന്നതിനു വേണ്ടി മാത്രമാണ് കേരള പി.എസ്.സി.യുടെ യാതൊരു യോഗ്യതാ പരീക്ഷകളും എഴുതാതെയുള്ളവർക്ക് പോലും സർക്കാർ ജോലി ലഭ്യമാക്കുന്നതെന്നും എന്നാൽ അവർക്ക് കേരള പി.എസ്.സി.യുടെ യോഗ്യതാ പരീക്ഷകൾ വിജയിച്ച് വരുന്ന അംഗപരിമിതരുൾപ്പെടെയുള്ള മറ്റുള്ളവരെക്കാൾ സീനിയർ ആകുന്നതിനു വേണ്ട യോഗ്യതയില്ലെന്നും ആ വിഭാഗത്തിലുള്ളവർക്ക് പ്രൊമോഷനും സീനിയോറിറ്റിയും കൊടുത്താൽ അത് ഒരു കോടതിയിലും നിയമപരമായി നിലനിൽക്കുകയുമില്ലെന്നും സൂചന 3 ഉം 4 ഉം ഉത്തരവുകളെ സൂചന 2 ഉത്തരവിന്റെ സ്പഷ്ടീകരണം ആയി കണക്കാക്കേണ്ടി വരുകയും ചെയ്യേണ്ട സാഹചര്യമാണ് നിലനിൽക്കുന്നത്.

4. സൂചന 2 പ്രകാരം ആദ്യ കാലങ്ങളിൽ നിയമനം ലഭിച്ചവർക്ക് പ്രമോഷന് അർഹതയുണ്ടെന്ന് പറയുകയും സൂചന 3, 4 എന്നിവ പ്രകാരം പിൽക്കാലത്ത് നിയമനം ലഭിച്ചവർക്ക് പ്രമോഷന് അർഹതയില്ലെന്ന് പറയുകയും ചെയ്യുന്നതിലൂടെ ***വിഭാഗത്തിൽപ്പെട്ട അംഗപരിമിതരെ രണ്ടായി തരം തിരിച്ച് രണ്ട് തരം പൗരന്മാരെ സൃഷ്ടിക്കുന്ന ഇരട്ട നീതിയാണ് നടപ്പിലാക്കുന്നതെന്നാണ്*** സൂചന 1, 3, 4 എന്നിവയിൽ നിന്നും മനസ്സിലാകുന്നത്. **ഈ സാഹചര്യത്തിൽ, ആദ്യകാലങ്ങളിൽ ലഭിച്ചു കൊണ്ടിരുന്ന പ്രൊമോഷൻ/സീനിയോറിറ്റി ആനുകൂല്യം അകാരണമായി അങ്ങയുടെ വകുപ്പ് നിർത്തലാക്കിയതാണോ ? ആണെങ്കിൽ അപ്രകാരം ടി ആനുകൂല്യം നിർത്തുന്നതിനുണ്ടായ സാഹചര്യം വെളിപ്പെടുത്തുന്ന മുഴുവൻ ഫയലുകളുടെയും പകർപ്പുകൾ ലഭ്യമാക്കുമോ ?**

5. കേരളാ പി.എസ്.സി.യുടെ യാതൊരു യോഗ്യതാ പരീക്ഷയും എഴുതാതെ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനം ലഭിച്ച് 179 ദിവസത്തെ സർക്കാർ സേവനം പൂർത്തീകരിച്ച് സൂചന 2, 30.03.1995-ലെ പേഴ്സണൽ & അഡ്മിനിസ്ട്രേറ്റീവ് റിഫോംസ് (അഡ്വൈസ് സി) ഡിപ്പാർട്ട്മെന്റ് നമ്പർ ജി.ഒ.(പി)6/95/P&ARD ഉത്തരവ് പ്രകാരം ആദ്യ കാലങ്ങളിൽ റെഗുലർ നിയമനം ലഭിച്ചവർക്ക് പ്രമോഷന് അർഹതയുണ്ടെന്ന് **സൂചന 1 ലൂടെ അങ്ങയുടെ ഓഫീസിൽ നിന്നും എനിക്ക് ലഭിച്ച മറുപടി ഏത് സർക്കാർ ഉത്തരവിന്റെ ഏത് ഖണ്ഡികയെ അടിസ്ഥാനത്തിലുള്ള വിവരമാണ്. ടി സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ**.

6. ഈ അപ്പീൽ അപേക്ഷയിലെ 1, 2, 3 ഖണ്ഡികകളിൽ വിവരിച്ചിട്ടുള്ള കാരണങ്ങളാൽ, ഖണ്ഡിക 4ലും 5ലും പ്രതിപാദിച്ചിരിക്കുന്നവയ്ക്ക് ഏറ്റവും ഉചിതമായ ഒരു മറുപടി ലഭ്യമാക്കുന്നതിനു വേണ്ടി **വിവരാവകാശ നിയമം 2005 പ്രകാരമുള്ള ആദ്യ അപ്പീൽ സമർപ്പിച്ചുകൊള്ളുന്നു**.

വിശ്വസ്തതയോടെ

വൈക്കം

07.10.2017

എ. വീണ